**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ വിപണിയിലെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിപണിയിൽ വിൽക്കുന്ന സാധനങ്ങൾക്ക് പലതരത്തിൽ വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനയിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കൂടുതൽ ഇടപെടൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ലീഗൽ മെട്രോളജി വകുപ്പ് അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിവരുന്നു. ഓണത്തോടനുബന്ധിച്ച് 01-09-22മുതൽ 07-09-22 വരെ 7 ദിവസങ്ങളിലായി സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ വ്യാപാര സ്ഥാപനങ്ങളും, പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകളും പരിശോധിക്കുകയുണ്ടായി. മുദ്ര പതിപ്പിക്കാത്ത അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചത്, അമിതവില, വിലതിരുത്തൽ, പാക്കേജ്ഡ് കമ്മോഡിറ്റി കളിൽ നിർദ്ദിഷ്ട പ്രഖ്യാപനങ്ങൾ ഇല്ലാതിരുന്നത്, പാക്കർ രജിസ്ട്രേഷൻ ഇല്ലാത്തത് എന്നിവ സംബന്ധിച്ച് ലഭ്യമായ 40 പരാതികളിൽ സംസ്ഥാനത്തൊട്ടാകെ വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആകെ 4936 പരിശോധനകൾ നടത്തി ആകെ 1294 കേസുകൾ കണ്ടെത്തി. 30,73,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കി. കൂടാതെ, സംസ്ഥാനത്തെ പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകൾക്കെതിരെ ലഭ്യമായ പരാതികളിൽ 83 പരിശോധനകൾ നടത്തി. ആകെ 8 കേസുകൾ കണ്ടെത്തുകയും, 19,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വിലവിവര പട്ടികയും പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ പൊതുവിപണി പരിശോധനയിൽ വ്യാപാര സ്ഥാപനങ്ങളിൽ വിലവിവര പട്ടിക എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും, |

| | | | |
|---|---|---|---|
| | | | പ്രദർശിപ്പിക്കാത്ത കടകളിൽ വിലവിവരപട്ടിക എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷൻ കടകളിൽ അതാത് ദിവസത്തെ സ്റ്റോക്ക് നിലവാരവും വിലവിവരവും എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് / വില വിവര പട്ടിക റേഷൻ കടകളിൽ ഒരേ മാതൃകയിൽ എഴുതി പ്രദർശിപ്പിക്കുന്നുണ്ട്.<br><br>പൊതുജനങ്ങൾക്ക് ഉപഭോക്തൃ നിയമലംഘനവുമായി ബന്ധപ്പെട്ട തങ്ങളുടെ പരാതികൾ ലീഗൽ മെട്രോളജി വകുപ്പിൽ വകുപ്പ് അദ്ധ്യക്ഷന്റെ ഔദ്യോഗിക ഇ-മെയിൽ, കാൾ സെന്റർ, ഫെയ്സ് ബുക്ക്, സുതാര്യം മൊബൈൽ ആപ്പ് എന്നിവ വഴിയും, പോസ്റ്റ് മുഖേനയും അറിയിക്കുന്നതി നുള്ള സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ